"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - 2025-26 സാമ്പത്തികവർഷം അച്ചടി വകുപ്പിലെ നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.132/2025/PPAD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 26/09/2025 തീയതിയിലെ PTGD/348/2024 - G6 നമ്പർ കത്ത്

2. 24/10/2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

അച്ചടിവകുപ്പിന് 2025-26 സാമ്പത്തികവർഷം " സർക്കാർ പ്രസ്സുകൾക്കുള്ള കെട്ടിട നിർമ്മാണം " പ്രവൃത്തികൾക്കായി, ബജറ്റിൽ 4058-00-S&P-00-103-99- കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.16 കോടി രൂപ വിനിയോഗിക്കുന്നതിനായി പരാമർശം (1) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 24/10/2025-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരാമർശം (2) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അച്ചടി വകുപ്പിന് 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 4058-00-S&P-00-103-99- കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ സർക്കാർ പ്രസ്സുകൾക്കുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി , ചുവടെ ചേർത്തിട്ടുള്ളപ്രകാരം ആകെ 2,15,79,770/- രൂപയുടെ (രണ്ടു കോടി പതിനഞ്ച് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി എഴുപത് രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | കാര്യാലയം | നിർമ്മാണ പ്രവർത്തനങ്ങൾ | തുക |
|---|---|---|---|
| 1 | ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | മെയിൻ വാട്ടർ ടാങ്കിന്റെ അറ്റകുറ്റപ്പണിയും അനുബന്ധ പണികളും സ്പെഷ്യൽ ബൈൻഡിംഗ് പ്രിന്റിംഗ് സെക്ഷനുകളിലെ ലേഡീസ് ടോയ് ലെറ്റ് നിർമ്മാണം. | 17,60,770/- |
| 2 | ഗവൺമെന്റ് പ്രസ്സ്, കൊല്ലം | പാർട്ടീഷൻ വർക്ക് | 17,20,000/- |

| | | | |
|---|---|---|---|
| 3 | ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല | വനിതാ സെക്യൂരിറ്റി ജീവനക്കാരുടെ ടോയ് ലെറ്റ് നവീകരണം. | 2,38,000/- |
| | | പുരുഷ സെക്യൂരിറ്റി ജീവനക്കാരുടെ ടോയ് ലെറ്റ് നവീകരണം. | 7,71,000/- |
| | | ക്യാന്റീൻ ഇലക്ട്രിഫിക്കേഷൻ. | 2,49,000/- |
| | | ക്യാന്റീൻ പെയിന്റിംഗ് & ടൈൽ വർക്ക്. | 4,43,000/- |
| | | ഫയർ എസ്റ്റിംഗ്വിഷർ സ്ഥാപിക്കാൻ. | 2,82,000/- |
| 4 | ജില്ലാ ഫാറം സ്റ്റോർ തിരുവനന്തപുരം | റീ വയറിങ്ങ് | 11,87,000/- |
| 5 | ഗവൺമെന്റ് പ്രസ്സ്, വാഴൂർ | വിവിധ സെക്ഷനുകളിലെ (ബൈൻഡിംഗ്, ഇലക്ട്രിക്കൽ, വെബ്ഓഫ്സെറ്റ്, പ്ലേറ്റ് മേക്കിംഗ്) ആസ്ബസ്റ്റോസ് ഷീറ്റ് മാറ്റലും അനുബന്ധ ജോലികളും. | 35,90,000/- |
| | | മെയിന്റനൻസ് വർക്ക്. | 8,00,000/- |
| | | ഇലക്ട്രിക്കൽ മെയിന്റനൻസ്. | 2,88,000/- |
| | | അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കാൻ. | 15,00,000/- |
| 6 | ഗവൺമെന്റ് പ്രസ്സ്, എറണാകുളം | കുഴൽക്കിണർ നിർമ്മാണം | 3,45,000/- |
| | | അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കാൻ. | 2,80,000/- |

| | | | |
|---|---|---|---|
| 7 | ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ | ക്യാന്റീൻ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും മേൽക്കൂര നിർമ്മാണവും. | 14,88,000/- |
| | | ഇലക്ട്രിക്കൽ സെക്ഷന്റെ അറ്റകുറ്റപ്പണികളും വർക്ക്ഷോപ്പ് റീൽ പേപ്പർ ഗോഡൗൺ എന്നിവയുടെ ഫ്ലോറിംഗ്. | 10,00,000 |
| 8 | ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് | റീ വയറിങ്ങ് | 25,00,000/- |
| 9 | ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ | ചുറ്റുമതിൽ നിർമ്മാണം | 3,44,000/- |
| | | ക്വാർട്ടേഴ്സ് സെപ്റ്റിക് ടാങ്ക് നിർമ്മാണം. | 6,90,000/- |
| 10 | ഗവൺമെന്റ് പ്രസ്സ്, വയനാട് | സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം. | 4,10,000/- |
| | | അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിക്കൽ വർക്ക്. | 8,44,000/- |
| | | അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്ക് | 8,50,000/- |
| | | **ആകെ** | **2,15,79,770/-** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ് , തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 23-12-2025 15:09:41

സെക്ഷൻ ഓഫീസർ